## ഗവ. എസ്സ്. വി. എച്ച്. എസ്സ്. എസ്സ്
## കുടശ്ശനാട്

# നീഹാരം

2021 – 2024 ബാച്ച്

# സന്ദേശം

വിദ്യാർത്ഥികളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിച്ച് പുത്തൻ ആശയങ്ങൾ ആസ്വാദക ഹൃദയങ്ങളിലേക്ക് എത്തിക്കുവാൻ വിദ്യാലയ മാഗസിനുകളുടെ പങ്ക് വളരെ വലുതാണ്. നമ്മുടെ സ്കൂളിലെ 2021 -2024 ലിറ്റിൽ കൈറ്റ്സിന്റെ നീഹാരം എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.




ശ്രീമതി. അന്ന റേച്ചൽ വർഗീസ് ( ഹെഡ്മിസ്ട്രസ് )

# എഡിറ്റർ സംസാരിക്കുന്നു

2021 – 2024 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ നീഹാരം വളരെ സന്തോഷത്തോടെ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു. സ്കൂളിലെ വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ ഞങ്ങൾക്ക് ലഭിച്ച അറിവിലൂടെ ഡിജിറ്റൽ രൂപത്തിൽ തയാറാക്കിയിരിക്കുന്നു. ഈ മാഗസിൻ സൃഷ്ടിക്കായി ഞങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള നന്ദി രേഖപ്പെടുത്തുന്നു.



മെറിൻ വർഗീസ്

# EDITORIAL BOARD



## CHIEF EDITOR



മെറിൻ വർഗീസ്

## SUB EDITOR



നന്ദന മനോജ്

# ആമുഖം

സ്കൂൾ വിദ്യാഭ്യാസം ഹൈടെക്കായി മാറുമ്പോൾ വിവര സാങ്കേതിക വിദ്യയുടെ ഉന്നതങ്ങളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനുള്ള വലിയൊരു മാർഗ്ഗമാണ് ലിറ്റിൽ കൈറ്റ്സ് വിഭാവനം ചെയ്യുന്നത്. കുട്ടികളിലെ സർഗവാസനകൾ ഒരു ഡിജിറ്റൽ മാഗസിൻ രൂപത്തിൽ തയാറാക്കി സമർപ്പിച്ചിരിക്കുന്നു.

# ഉള്ളടക്കം

ഇന്ത്യൻ ദേശീയപതാക ............................................... 7
അശോക ചക്രം ............................................................. 8
ആനയും തയ്യൽക്കാരനും .................................................. 9
A Good Friend Never Cheat .......................................... 10
ലോകത്തിലെ ഏറ്റവും വലുത് ............................................. 11
കുഞ്ചൻ നമ്പ്യാർ ............................................................ 12
കഥകളി ...................................................................... 13
എ. പി. ജെ. അബ്ദുൾകലാം ............................................... 14
പ്രളയം ....................................................................... 15
മഹാത്മാഗാന്ധി ............................................................ 16 - 17
ഓണം ........................................................................ 18
സരോജിനി നായിഡു ...................................................... 19
English Language ......................................................... 20
പരിസര ശുചിത്വം ........................................................ 21
വിഷു ........................................................................ 22
ജവഹർലാൽ നെഹ്റു ...................................................... 23
വൈക്കം മുഹമ്മദ് ബഷീർ ................................................ 25 - 27
പൊൻമുട്ടയിടുന്ന താറാവ് ................................................ 28
വൃത്തം ...................................................................... 29 - 30
യാത്രാവിവരണം .......................................................... 31
Number Pattern ........................................................... 32
എന്റെ സ്കൂൾ ............................................................... 33
ചിത്രങ്ങൾ .................................................................. 34 - 35

# ഇന്ത്യൻ ദേശീയപതാക




ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനായി ഏറ്റവും ആദ്യം കൊടി ഉയർത്തിയത് ബഹദൂർ ഷാ സഫർ ആയിരുന്നു. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരകാലത്തായിരുന്നു അത്. പച്ച നിറമുള്ള ആ കൊടിയിൽ ചപ്പാത്തിയും താമരയും ആയിരുന്നു ചിഹ്നം. പിന്നീട് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനായി നിരവധി കൊടികൾ രൂപപ്പെട്ടു. 1905 ൽ സിസ്റ്റർ നിവേദിത ഒരു ചതുര കൊടി രൂപ കൽപ്പന ചെയ്തു. 1906 ൽ കൊൽക്കത്തയിൽ ആണ് ആദ്യത്തെ ത്രിവർണ്ണ കൊടി പാറിയത്. എന്നാൽ അത് ഇന്നത്തേതുപോലെ ആയിരുന്നില്ല. പച്ചയും മഞ്ഞയും ചുവപ്പും ആയിരുന്നു ആ കൊടിയിൽ ഉണ്ടായിരുന്ന നിറം. കൊൽക്കത്ത പതാകയിൽ നിന്ന് അൽപ്പം വ്യത്യസ്തമായ ഒരു പതാക ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചുകൊണ്ട് വിദേശത്തും ഉയർന്നു. 1907 ൽ ജർമ്മനിയിൽ മാഡം ബിക്കായിജി റുസതം കാമആണ് ആ പതാക ഉയർത്തിയത്. ഇന്ന് കാണുന്ന തരത്തിലുള്ള പതാക അംഗീകരിക്കപ്പെട്ടത് 1947 ജൂലൈ 22 ന് ആണ്. മുകളിൽ കുങ്കുമവും അടിയിൽ പച്ചയും നടുവിൽ വെള്ളയും നിറങ്ങൾ മദ്യത്തിൽ അശോകചക്രവും. കുങ്കുമം ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ് വെള്ള നിറം സത്യത്തെയും സമാധാനത്തെയും കാണിക്കുന്നു. പച്ച ധീരതയെ യും വിശ്വാസത്തെയും സൂചിപ്പിക്കുന്നു. പതാകയുടെ വീതിയുടെയും നീളത്തിന്റെയും അനുപാതം 2:3 ആണ്. ഇന്ത്യയുടെ ദേശീയ പതാക രൂപകൽപ്പന ചെയ്തത് വെങ്കയ്യ ആണ്. പതാക ഖാദി കൊണ്ട് മാത്രമേ നിർമ്മിക്കാം എന്ന് പതാകയുടെ ഔദ്യോഗിക നിയമങ്ങൾ അനുശാസിക്കുന്നു. ദേശീയ പതാകയുമായി ബന്ധപ്പെട്ട അനാദരവുകൾക്ക് ശിക്ഷയായി മൂന്ന് വർഷം വരെയുള്ള തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടിമരവും ദേശീയ പതാകയും നിലനിൽക്കുന്നത് ഇന്ത്യ പാക്ക് അതിർത്തിയിൽ അമൃത സറിന് സമീപം അത്താരിയിലാണ്. പാക്കിസ്ഥാനിലെ ലാഹോറിൽ നിന്ന് നോക്കിയാൽ പോലും കാണാനാവുന്ന ഉയരത്തിലാണ് ഈ പതാകയും കൊടിമരവും സ്ഥിതി ചെയ്യുന്നത്. 120 അടി നീളവും 80 അടി വീതിയും ഉള്ള ത്രിവർണ പതാക ബധ്യൂറ 360 അടി ഉയരമുള്ള കൊടി മരത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്.

- സഞ്ജിത്ത്

# അശോക ചക്രം




ധർമ്മചക്രത്തിന്റെ ഒരു ചിത്രീകരണം ആണ് അശോകചക്രം. അശോക ചക്രത്തിന് 24 ആരക്കാലുകൾ ഉണ്ട് ഇവ ഓരോന്നും ബുദ്ധന്റെ ഉപദേശങ്ങളെ സൂചിപ്പിക്കുന്നു. അശോക  ചക്രവർത്തി സ്ഥാപിച്ച പല സതംഭങ്ങളിലും അശോകചക്രം കൊത്തിവച്ചിട്ടുണ്ട്. ഇന്ന് അശോകചക്രം ഏറ്റവുമധികം ഉപയോഗിച്ച് കാണപ്പെടുന്നത് ഭാരതത്തിന്റെ ദേശീയപതാകയുടെ മധ്യത്തിലായാണ്. 1947 ജൂലൈ 22 ആം തീയതിയാണ് അശോകചക്രം ദേശീയ പതാകയിൽ  ഉൾക്കൊള്ളിച്ചത്. നാവിക-നീലനിറത്തിലാണ് ദേശീയ പതാകയിൽ അശോകചക്രം ചിത്രീകരിക്കുന്നത്.

- സ്റ്റീഫൻ

# ആനയും തയ്യൽക്കാരനും



ആനയും

തയ്യൽക്കാരാനും

പണ്ട് പണ്ട് ഒരിടത്ത് ഒരു ആനയുണ്ടായിരുന്നു.ആന ദിവസവും കുളിക്കാനായി കുളത്തിൽ പോകും. പോകുന്ന വഴിക്ക് ഒരു തയ്യൽ കട ഉണ്ടായിരുന്നു. അയ്യോ തയ്യൽ കടയിലെ തയ്യൽക്കാരൻ ആനയ്ക്ക് ദിവസവും പഴം കൊടുക്കും. ഒരു ദിവസം ഈ തയ്യൽക്കാരന് ഒരു തമാശ തോന്നി ഈ ആനയെ ഒന്ന് പറ്റിക്കാം എന്ന് വിചാരിച്ചു. അപ്പോൾ തയ്യൽക്കാരന്റെ കടയിൽ എത്തിയ ആന ദിവസവും ഉള്ളതുപോലെ തുമ്പിക്കൈ നീട്ടി തുമ്പി കൈ നീട്ടിയപ്പോൾ തയ്യൽക്കാരൻ സൂചി വെച്ച് തുമ്പിക്കൈക്കിട്ട ഒരു  കുത്തു കൊടുത്തു. പാവം ആന ആനയ്ക്ക് വേദനിച്ചു. ആനയ്ക്ക് ദേഷ്യം വന്നു ആന ഒന്നും മിണ്ടിയില്ല ആന മിണ്ടാതെ നടന്നുപോയി. എന്നിട്ട് കുളത്തിലേക്ക് കുളിക്കാൻ പോയി എന്നിട്ട് തിരിച്ചു വരുന്ന വഴിക്ക് ആന തുമ്പിക്കൈ നിറച്ചും വെള്ളം എടുത്തു വന്നു. എന്നിട്ട് തയ്യൽക്കാരന്റെ കടയിലേക്ക് വെള്ള മങ്ങു ചീറ്റി കൊടുത്തു.  തയ്യൽക്കാരന്റെ തുണിയും കടയും എല്ലാം നനഞ്ഞു. അതിൽ നിന്ന് നമുക്ക് എന്താണ് മനസ്സിലായത് ആരെയും ഉപദ്രവിക്കരുത്.

- ആദിൽ

# A Good Friend Never Cheat

***A Good Friend Never Cheat***

Once there was three deer were lived. All of them were best friends. One day a deer went out from the shed to meet a friend. The friend was a rat the rat was a cruel. That rat was the friend of a lion. There was an agreement with the rat and the lion. The agreement was that , if the rat give a deer to the lion for his food and the lion offers the rat by giving a golden crown. The rat agree with lions condition. Then the rat get friend ship with the deer. The deer was very kind and loving. The rat asked a helpto the deer. The deer agree to help the rat. That was the reason the deer goes out from the shed. The both of them meet the lion. The lion try to eat the deer but the deer run very fast at finally the lion catch the deer and eat the deer. And finally the rat got the golden crown. At the same time the rat loss a good friend.

- അക്ഷയ

# ലോകത്തിൽ ഏറ്റവും വലുത്

1. ഏറ്റവും വലിയ രാജ്യം - റഷ്യ
2. ഏറ്റവും വലിയ വൻകര - ഏഷ്യ
3. ഏറ്റവും തിരക്കേറിയ നഗരം - ടോകിയോ
4. ഏറ്റവും വലിയ കടൽ - മെഡിറ്ററേനിയൻ
5. ഏറ്റവും വലിയ ദ്വീപ് - ഗ്രീൻലാന്റ്
6. ഏറ്റവും വലിയ മരുഭൂമി - സഹാറ
7. ഏറ്റവും വലിയ തുറമുഖം - ഷാങ്ഹായ്
8. ഏറ്റവും വലിയ ഡെൽറ്റ - സുന്ദർബൻസ്
9. ഏറ്റവും വലിയ പക്ഷി - ഒട്ടകപക്ഷി
10. ഏറ്റവും വലിയ ശുദ്ധജല തടാകം - സുപ്പീരിയർ
11. ഏറ്റവും വലിയ നദി - ആമസോൺ
12. ഏറ്റവും വലിയ സമുദ്രം - പസഫിക് സമുദ്രം
13. ഏറ്റവും വലിയ ഭൂഖണ്ഡം - ഏഷ്യ
14. ഏറ്റവും വലിയ തടാകം - കാസ്പിയൻ തടാകം
15. ഏറ്റവും വലിയ പർവ്വതം - ഹിമാലയ
16. ഏറ്റവും വലിയ പീഠഭൂമി - ടിബറ്റ്
17. ഏറ്റവും വലിയ ജനാധിപത്യം - ഇന്ത്യ
18. ഏറ്റവും വലിയ മൃഗം - നീല തിമിഗലം
19. ഏറ്റവും വലിയ സംസ്ഥാനം - രാജസ്ഥാൻ
20. ഏറ്റവും വലിയ ലൈബ്രറി - യുണൈറ്റഡ് സ്റ്റേറ്റ് ലൈബ്രറി ഓഫ് കോൺഗ്രസ്

- അനീറ്റ

# കുഞ്ചൻ നമ്പ്യാർ



കുഞ്ചൻ നമ്പ്യാർ

പ്രാചീന കവിത്രയതിൽ ഉൾപ്പെട്ട ഒരു കവിയാണ് കുഞ്ചൻ നമ്പ്യാർ.1700-ലെ കാലഘട്ടത്തിൽ കിള്ളിക്കുറിശി മംഗലതാ ണ് കുഞ്ചൻ നമ്പ്യാർ ജനിച്ചത്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആണ്. സാധാരണക്കാർക്ക് പോലും മനസിലാകുന്ന വിധം ലളിതമായ ഭാഷയിലാണ് അദ്ദേഹം തുള്ളൽപാട്ടുകൾ രചിച്ചത. പ്രേക്ഷകരെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയു ചെയുന്ന ഫലിതങ്ങകളും പരിഹാസങ്ങളും തുള്ളൽ പാട്ടിൽ ഉടനീളം കാണാം. ജനകിയ കവി എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

- അഞ്ജിത

# കഥകളി



കഥകളി

ലോകമാകമേ കേരളത്തെ പ്രശസ്തമാക്കിയ കലാരൂപമാണ് കഥകളി

ഏകദേശം300 വർഷത്തെ പഴക്കമുണ്ട് കഥകളിക്ക് പുരാണങ്ങളിൽ നിന്നുമുള്ള കഥകളാണ് പ്രമേയം ആക്കുന്നത് നാട്യഭംഗിയും സംഗീത മേന്മയും വേശ ഭംഗിയുടെ കഥകളിയുടെ പ്രത്യേ ത കളാണ് രാമനാട്ടം എന്ന കഥ പരിഷ്ക്കരിച്ചതാണ് കഥകളി ഉണ്ടായത് കഥകളിക്ക് വേണ്ടി രചിക്കപ്പെട്ട കാവ്യമാണ് ആട്ടക്കഥ കൊട്ടാര തമ്പുരാനെയാണ് ഉപജ്ഞാതാവായി കണക്കാക്കുന്നത് കഥകളിയിലെ കഥാപാത്രങ്ങൾ സംസാരിക്കാറില്ല പശ്ചാത്തലത്തിലെ പാട്ടുകൾക്കനുസരിച്ച് ഹസ്ത മുദ്രകളിലൂടെ യും മുഖഭാവങ്ങളിലൂടെയും നടൻമാർ അരങ്ങത്ത്

അഭിനയിച്ചാണ് കഥകളിയിൽ കഥ പറയുന്നത്.

\- ഇമ്മാനുവൽ

# എ.പി.ജെ. അബ്ദുൽ കലാം



എ. പി. ജെ.
അബ്ദുൾ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു(2002-2007) അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന എ.പി.ജെ. അബ്ദുൽ കലാം (ഒക്ടോബർ 15 1931 – ജൂലൈ 27 2015).[3] പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം (D R D O), ബഹിരാകാശഗവേഷണകേന്ദ്രം (I S R O) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു.[4]. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽമനുഷ്യൻ' എന്ന് കലാമിനെ പീപ്പിൾസ് പ്രസിഡന്റ്'' എന്ന് പരക്കെ വിളിക്കപ്പെടുന്ന അദ്ദേഹം, [6] വിദ്യാഭ്യാസം, എഴുത്ത്, പൊതുസേവനം തുടങ്ങിയ സിവിലിയൻ ജീവിതത്തിലേക്ക് ഒരു ടേമിന് ശേഷം മടങ്ങിയെത്തി. ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന നിരവധി അഭിമാനകരമായ അവാർഡുകൾ അദ്ദേഹം നേടിയിട്ടുണ്ട് .വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു.

2015 ജൂലൈ 27 ന് 84-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഷില്ലോങ്ങിൽ ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജ്മെന്റിൽ പ്രസംഗിക്കുന്നതിനിടെ ഉണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ അടുത്തുള്ള ബഥനി ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

- ജിയ ജോസ്

# പ്രളയം




പ്രളയം



മഴവന്നപ്പോൾ മഴത്തുള്ളിയൊന്ന് വീണപ്പോൾ വെറുമൊരു
മഴയാണെന്ന് ഞാൻ കരുതി.
ആ മഴ തിമിർത്തടിച്ചപ്പോൾ ആ തിമിർത്താടിയപ്പോൾ
ഭൂമിയിലെ ആദ്യ ക്രൂരതയാണെന്ന് ഞാൻ കരുതി.
അത് വെറുമൊരു മഴയല്ലായിരുന്നു അത് മഹാ
പ്രളയമായിരുന്നു.
അലിവ് കാട്ടുന്ന അറിവ് പകരുന്ന എൻ വിദ്യാലയമേ
നിന്റെ അരികിലാണിന്നെന്റെ ജീവിതം.
നീ ഇല്ലായിരുന്നുവെങ്കിൽ ഞാനിന്നീ ഭൂമിയിൽ
കാണുകില്ലായിരുന്നു
ജാതിയെന്തെന്ന് മതമെന്തെന്ന് അറിയാത്തവർക്കെല്ലാം
വർഗ്ഗവിലയെന്തെന്ന് കാണിച്ചുകൊടുത്തൊരെൻ
മലയാള നാടേ.....
ഒന്നു കണ്ടുനിൽക്കുവാൻ പോലും പറ്റാത്തൊരവസ്ഥ!
അതു കണ്ടുനിന്നാൽ പൊട്ടിക്കരയുന്നു നൊന്തുവിളിക്കുന്നു.
ദുഃഖമാണി ഞങ്ങൾക്കിത് ദുർവിധിയാണിത്
ക്ഷുഭിതനാണു നീ ക്ഷുദ്ര കീടമാണു നീ പ്രളയമേ
എങ്കിലും ക്ഷമിക്കുക നമ്മോട്
എന്തിനാണീ മഹാപ്രളയം
എന്തിനാണീ ദുരന്തം?
ഒന്നു കണ്ടാൽ പുഞ്ചിരിക്കുന്ന ആ മുഖം
ഇതാ കണ്ണീരിലോഴുകുന്നു
ജീവനൊന്നേയുള്ള ജീവിതമിതെന്തിന് ?
ജീവനുറപ്പുള്ള ഭൂമിയെ ജീവശ്യാമള ഗോപുരമേ
കേരളം വിങ്ങിക്കരയുന്നിതാ ...
മൺമറഞ്ഞുപോകുന്ന ജീവമയൂരമേ
വാനിലോളം ഉയർന്നു നിൽക്കുന്ന മഹാപ്രളയമേ പ്രളയമേ ആർത്തനാകുന്നു ഞാൻ
അമ്മയായ ഭൂമിയെ നീ തകർത്തു കളഞ്ഞില്ലേ
ഭൂമി നീ ഞങ്ങളുടെ അമ്മയല്ലേ
എന്നിർട്ടുമെന്തിനാണീ ക്രൂരത
മഴയൊന്നു പെയ്യുമ്പോൾ മനസ്സൊന്നു പിടയുന്നു (2)

- നന്ദന മനോജ്

# മഹാത്മാഗാന്ധി



മഹാത്മാഗാന്ധി

സ്വാതന്ത്ര്യ സമര സേനാനികൾ :

മഹാത്മാഗാന്ധി (1869-1948)

ഭാരതത്തിന്റെ രാഷ്ട്രപിതാവ്, സ്വാതന്ത്ര്യസമരനായകൻ. ആക്രമരഹിത സമരമാർഗ്ഗങ്ങളിലൂടെയും നിസാരണ പ്രസ്ഥാനത്തിലൂടെയും ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ പൊരുതി വിജയം വരിച്ച മഹാൻ,മഹാത്മാഗാന്ധി എന്ന വിശേഷണം സ്വജീവിതം വഴി അന്വർത്ഥമാക്കിയ ത്യാഗസമ്പന്നൻ.ജനനം 1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിൽ. അച്ഛൻ കരംചന്ദ്ഗാന്ധി, അമ്മ പുത്ലിബായി. കസ്തൂർബായെ വിവാഹം കഴിച്ചു. ലണ്ടനിലെ 'ഇന്നർ ടേബിളിൽനിന്നും, 1891 ൽ ബാരിസ്റ്റർ പരീക്ഷ പാസായി.ഏറ്റവും കഠിനമായ പ്രതിസന്ധി ഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്വശാസ്ത്രങ്ങളുടെ പ്രയോക്താവായിരുന്നു. എല്ലാവിധത്തിലും സോയാസ്രയവും പുലർത്തിയ ഒരു ആശ്രമ സ്ഥാപിച്ച അവിടെ ലളിത ജീവിതം നയിച്ചത് അദ്ദേഹം പൊതുപ്രവർത്തകർക്ക് മാതൃകയായി.സ്വയം നൂൽ നൂറ്റുണ്ടാക്കിയവസ്ത്രം ധരിച്ചു., സസ്യ ആഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനും ഉള്ള ഉപാധിയാക്കി. 1983 ദക്ഷിണാഫ്രിക്കയിലെത്തി. അവിടുത്തെ ഇന്ത്യൻ വംശജരുടെ പൗരാവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുത്തു. 1899 ലെ ബൂവൂർ യുദ്ധത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യക്കാർ ബ്രിട്ടീഷുകാരെ സഹായിച്ചു. ദക്ഷിണാഫ്രിക്കയിൽ ഉള്ള എല്ലാ ഇന്ത്യക്കാരും രജിസ്റ്റർ ചെയ്യണമെന്ന് പുതിയ നിയമത്തിനെതിരെയുള്ള സമരത്തിൽ ഒരു ഭാഗമായി.1907 ൽ ഗാന്ധിജി അറസ്റ്റ് ചെയ്യപ്പെട്ടു. റഷ്യയിലെ ഋഷി തുല്യനായ ടോൾസ്റ്റോയ് ഗാന്ധിജിയെ വളരെയേറെ സ്വാധീനിച്ചു. ജോൺ എഴുതിയ' unto this last'എന്ന ഗ്രന്ഥം ഗാന്ധിജി ആകർഷിച്ചു. 1915-18 കാലഘട്ടത്തിൽ സബർമതി ആശ്രമം സ്ഥാപിക്കപ്പെട്ടു.1917 ൽ ബീഹാറിലെ ചാമ്പാറൻ പ്രദേശത്ത് നിലം കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് എതിരെ സത്യാഗ്രഹം നടത്തി വിജയിച്ചു.1924 ൽ വൈക്കം സത്യാഗ്രഹം നടന്നു. 1928 ബർദോളി സത്യാഗ്രഹം.1930 മാർച്ച് 12 ന് സബർമതി ആശ്രമത്തിൽ നിന്നും ദണ്ഡി കടൽ തീരത്തേക്ക് ഉപ്പ് സത്യാഗ്രഹം സംബന്ധിച്ച് മാർച്ച് നടത്തി. 1942 സുപ്രസിദ്ധമായ ക്വിറ്റിന്ത്യ സമരം.1948 ജനുവരി 30 ന് ബിർള മന്ദിരത്തിലെ പ്രാർത്ഥന യോഗത്തിൽ വച്ച് നാഥുറാം വിനായക്

ഗോഡ്സേ എന്നൊരു മതഭ്രാന്തൻ ഗാന്ധിജിയും വെടിവെച്ചു ഗാന്ധിജിയുടെ വീക്ഷണത്തിൽ സത്യവും അഹിംസയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്.സത്യം ലക്ഷ്യവും അഹിംസാ അതിലേക്കുള്ള മാർഗ്ഗവുമാണ്.എന്നാൽ മറ്റൊരുവന് ദോഷം ചെയ്യാതിരിക്കാൻ മാത്രമല്ല തന്നോട് തെറ്റ് ചെയ്തവനോട് ക്ഷമിക്കുവാനുള്ള സന്നദ്ധതയും കൂടിയാണ്. പ്രധാന കൃതി The story of my experiments with truth.



- ദേവിക

# ഓണം




ചിങ്ങമാസത്തിലെ അത്തം നക്ഷത്രം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചതയം നാൾ വരെ നീണ്ടു നിൽക്കുകയും ചെയ്യുന്നു. തൃക്കാക്കരയാണ് ഓണത്തപ്പന്റെ ആസ്ഥാനം. എന്നാൽ അവിടെ മഹാബലിക്കു പകരം വാമനനെയാണ് ആരാധിക്കുന്നത്. ഒരു പക്ഷെ വാമനൻ മഹാബലിക്കുമേൽ വിജയം നേടിയത് തൃക്കാക്കരയിൽ വച്ചാവാം. മഹാബലിയെ വാമനൻ പാതാളത്തിലേയ്ക്ക് ചവിട്ടിത്താഴ്ത്തി എന്ന ഒരു കഥക്ക്പ്രചാരമുണ്ട്. പക്ഷെ ചവിട്ടി താഴ്ത്തിയ ഒരു കഥ എവിടെയും പറയുന്നില്ല. ഭാഗവത പുരാണത്തിലാണ് ബലിയുടെ കഥയുള്ളത്. അതിൽ സുതലത്തിലേക്ക് പറഞ്ഞയക്കുകയും, അവിടെ മഹാവിഷ്ണു അദ്ദേഹത്തിൻ്റെ ദ്വാരപാലകനായി നിന്നു എന്നുമാണ് കഥ. കേരളീയരാണ് ഓണാഘോഷം നടത്തിയത് എന്നാണ് ഐതിഹ്യമെങ്കിലും അതിനേക്കാൾ വളരെ മുൻപേ തന്നെ കേരളത്തിലും മധുര ഉൾപ്പെട്ട തമിഴ് നാട്ടിലും മറ്റും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘ കൃതികൾ വെളിപ്പെടുത്തുന്നു. സംഘകാലകൃതിയായ 'മധുരൈകാഞ്ചി 'യിലാണ് ഓണത്തെക്കുറിച്ചുള്ള ആദ്യപരാമർശങ്ങൾ കാണുന്നത്. തിരുമാൾ (മഹാവിഷ്ണു)വിന്റെ ജന്മദിനമായിട്ടാണ് ഓണം ആഘോഷിക്കുന്നതെന്ന് മധുരൈകാഞ്ചി 590 മുതലുള്ള അടികളിൽ പറയുന്നു.[16] പിന്നീട് കാർഷികവും വാണിജ്യവുമായി അതു മാറി. ഹൈന്ദവ വിശ്വാസപ്രകാരം ഭഗവാൻ മഹാവിഷ്ണുവിന്റെ തിരുനാളാണ് തിരുവോണം. ഇന്നും വൈഷ്ണവ ക്ഷേത്രങ്ങളിൽ ഈ ദിവസം പ്രധാനമാണ്. കർക്കടകമാസത്തിന് ശേഷം മാനം തെളിയുന്ന ഈ കാലത്താണ് വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യ വ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. അങ്ങനെ സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാനുള്ള കാരണമതാണ്. കേരളത്തിൽ വിളവെടുപ്പിനേക്കാൾ അതിന്റെ വ്യാപാരത്തിനായിരുന്നു പ്രാധാന്യം. കേരളത്തിൽ ആഘോഷിക്കപ്പെടുന്ന ഏറ്റവും വലിയ ഉൽസവങ്ങളിൽ ഒന്നാണ് ഓണം. ഇത് വിളവെടുപ്പിന്റെ ഉത്സവം കൂടിയാണ്.[4][5][6][7] ഈ വാർഷിക [8][9][10] ഗ്രിഗോറിയൻ കലണ്ടറിൽ ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലും മലയാളം കലണ്ടറിൽ ചിങ്ങ മാസത്തിലുമാണ് വരുന്നത്.[11] ഓണാഘോഷത്തിന്റെ സമയത്ത് കേരളം മഹാബലിയുടെ ഓർമ്മയ്ക്കായാണ് ഈ ആഘോഷം കൊണ്ടാടുന്നത് എന്ന് കരുതിപ്പോരുന്നു.[12][13] ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു. ഓണം സംബന്ധിച്ച് പല ഐതിഹ്യങ്ങളും ചരിത്രരേഖകളും നിലവിലുണ്ടെങ്കിലും ഓണം ആത്യന്തികമായി ഒരു വിളവെടുപ്പു അഥവാ വ്യാപാരോത്സവമാണെന്ന് കരുതിപ്പോരുന്നു. [14] കേരളത്തിൽ ഓണം തമിഴ്നാട്ടിൽ നിന്നും സംക്രമിച്ചതാണെന്നാണ് വിദഗ്ദ്ധമതം. ഏ.ഡി. 8 വരെ ദ്രാവിഡ ദേശം പലനിലയിൽ സമാനവും ആയിരുന്നു. ഒരു സ്മരണയുടെ പ്രതീകമായിട്ടാണ് ഈ ഉത്സവം തുടക്കം കുറിച്ചത്. മഹാബലി സ്മരണയാണ് അത്. വാമനവിജയത്തെ അടിസ്ഥാനമാക്കി അത് ക്ഷേത്രോത്സവമായിട്ടായിരുന്നു തുടങ്ങിയതെങ്കിലും പിന്നീട് അത് ഗാർഹികോത്സവമായി മാറി. കർക്കടക സംക്രാന്തിയിലെ (മിഥുനാന്ത്യം) കലിയനുവെക്കൽ മുതൽ കന്നിയിലെ ആയില്യമകംവഴി ഇരുപത്തെട്ടാമോണംവരെ.

- നയന

# സരോജിനി നായിഡു




ഇന്ത്യയുടെ വാനമ്പാടി— സരോജിനി നായിഡു

ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെട്ട സരോജിനി നായിഡു ഒരു ബാലപ്രതിഭയും സ്വാതന്ത്ര്യ സമര സേനാനിയും കവിയത്രിയും ആയിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൻറെ അദ്ധ്യക്ഷ ആവുന്ന ആദ്യ ഇന്ത്യൻ വനിതയും ഒരു ഇന്ത്യൻ സംസ്ഥാനത്തിന്റെ ഗവർണർ ആവുന്ന ആദ്യ വനിതയും സരോജിനി നായിഡു ആയിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായിരുന്ന നായിഡു ദണ്ഡി യാത്രയിൽ മഹാത്മാഗാന്ധിയെ അനുഗമിച്ചു. സ്വാതന്ത്ര്യ ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണർ ആയിരുന്നു. സരോജിനി നായിഡുവിന്റെ ജന്മദിനമായ ഫെബ്രുവരി 13 ഇന്ത്യയിൽ ദേശീയ വനിതാ ദിനമായി ആഘോഷിക്കുന്നു.

1879 ഫെബ്രുവരി 13 ന് ജനിച്ചു. സാമൂഹിക സമ്മർദ്ദം കാരണം ബംഗാളിൽ നിന്നും ഹൈദരാബാദിലേക്ക് താമസം മാറ്റേണ്ടി വന്ന ഡോക്ടർ അഘോരനാഥയുടെയും പത്നി വരദാ സുന്ദരി ദേവിയുടെയും മൂത്ത മകളായിരുന്നു സരോജിനി. മദ്രാസ്, ലണ്ടൻ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം നടത്തിയ സരോജിനി പഠനകാലത്ത് കവിത രചനയിൽ മികവ് പ്രകടിപ്പിച്ചിരുന്നു. മെട്രിക്കുലേഷൻ ഒന്നാം റാങ്കോടെ പാസ്സായി. പിന്നീട് റോയൽ ലിറ്ററി സൊസൈറ്റി അംഗമായ ഇവർ വിവിധ സർവ്വകശാലകളിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം നേടി. 1898- ൽ മിശ്രവിവാഹം അസാധാരണമായിരുന്ന കാലത്ത് ജാതിവ്യവസ്ഥയെ എതിർത്തുകൊണ്ട് അബ്രാഹ്മണനായ ഗോവിന്ദ രാജമോർ നായിഡുവിനെ വിവാഹം കഴിച്ചതോടെ ഇവർ സരോജിനി നായിഡുവായി. ഗാന്ധിജി, ഗോഖലെ എന്നിവരുടെ സാന്നിധ്യം മൂലം ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടയായ ശ്രീമതി സരോജിനി നായിഡു ജീവിതന്ത്യം വരെ പൊതുരംഗത്ത് സജീവമായിരുന്നു. റൗലത്ത് ആറ്റിൽ പ്രതിഷേധിച്ച് ഗാന്ധിജിക്കൊപ്പം അണിനിരന്ന ആദ്യത്തെ രാഷ്ട്രീയ പ്രവർത്തകയായ ശ്രീമതി നായിഡു അദ്ദേഹത്തിന് നേതൃത്വത്തിലുള്ള നിസ്സഹാകരണ പ്രസ്ഥാനം, നിയമനിഷേധ പ്രസ്ഥാനം, ക്വിറ്റിന്ത്യ സമരം എന്നിവയിൽ നിർണായക പങ്കുവഹിക്കുകയുണ്ടായി.

സ്വാതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണർ ആയിരുന്നു ഇവർ. കവിതയുടെ ഉപാസകരമായ ഇവർ 'ഇന്ത്യയുടെ വാനമ്പാടി' എന്നാണ് അറിയപ്പെട്ടത്. പദ്യഗദ്യസാഹിത്യരംഗത്തെ സംഭാവനകൾ മാനിച്ച് ഗാന്ധിജി 'ഭാരതകോകിലം' എന്ന പേരും നൽകി.

ദി ഇന്ത്യൻ ലേഡീസ് മാഗസിനിൽ ആണ് ഇവരുടെ ആദ്യകാല കവിതകൾ ഏറെയും പ്രസിദ്ധീകരിക്കപ്പെട്ടത്. 1905 - ൽ ആദ്യ കവിത സമാഹാരമായ ദ് ഗോൾഡൻ ത്രെഷോൾഡ് പ്രസീതയെ പെടുത്തി പ്രസിദ്ധപ്പെടുത്തി. ബേഡ് ഓഫ് ദ ടൈം, ഒടിഞ്ഞ ചിറക്, പുലരിയുടെ ഉവലുകൾ എന്നിവയാണ് പ്രസിദ്ധ കവിത സമാഹാരങ്ങൾ. ഇന്ത്യൻ ഇംഗ്ലീഷ് കാവ്യലോകത്തെ മികച്ച രചനകക്കുടമയായ ഇവരുടെ കവിതകളുടെ സമ്പൂർണ്ണ സമാഹാരമാണ് 'രാജകീയമുരളി'.

1949 മാർച്ച് 2 ( പ്രായം 70) ലക്നോവിൽ വെച്ച് അന്തരിച്ചു.

- മെറിൻ

# ENGLISH LANGUAGE




Nowadays, more and more people are dedicating time to studying English as a second language. Many countries include English in their school syllabus and children are starting to learn English at a younger and younger age.

Whether you are looking for a new job or planning to travel the world, studying English can help you progress in life both personally and professionally. You can compete in the global job market, increase your career skills and start to meet people around the world.

English is the medium of many exam papers worldwide. Primarily, English breaks the language barrier between different countries and gives access to meet new people, communicate with them and understand their cultures and heritages. Also, it is the medium to grow business companies at International levels.

- അക്സ

# പരിസര ശുചിത്വം



പരിസര ശുചിത്വം

ഓരോ ജീവിയും അതിനു ചുറ്റുപാടുമുള്ള മറ്റു സഹജീവികളും അജൈവ ഘടകങ്ങളുമായി പരസ്പര ആശ്രയത്തിലും സഹവർത്തനത്തിലും ആണ് നിരന്തരം ജീവിക്കുന്നത്. ഓരോ പ്രദേശത്തും ജൈവവൈവിധ്യംആവാസവ്യവസ്ഥയ്ക്കും ഭീഷണിയാകുന്നഘടകങ്ങളെ പറ്റി പഠിക്കുകയുംപ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുംചെയ്യുമ്പോൾ മാത്രമേ മനുഷ്യ സമൂഹത്തിന് നിലനിൽപ്പുള്ളൂ. ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ആരോഗ്യസ്ഥിതി നിലനിന്നിരുന്ന ഈ കൊച്ചു കേരളത്തിലെ ഇന്നത്തെ  ആരോഗ്യസ്ഥിതി പാടേ മാറി കഴിഞ്ഞിരിക്കുന്നു ,കേരളം ഇന്ന് പകർച്ചവ്യാധികളുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു. കൂടാതെ മലിനജലം പൊതുസ്ഥലങ്ങളിൽ കെട്ടിക്കിടക്കുന്നതിലൂടെയും ,പരിസരശുചിത്വം ഇല്ലായ്മയും വ്യക്തി ശുചിത്വ കുറവും മൂലം പല പല രോഗങ്ങൾ പിടിപെടുന്നതിലേക്കും അത് നയിക്കുന്നു. മഞ്ഞപ്പിത്തം, ഡെങ്കിപ്പനി,എലിപ്പനി, പകർച്ചപ്പനി, മലേറിയ എന്നീ രോഗങ്ങൾ നമുക്കു ചുറ്റുപാടും പിടിപെടുന്ന എന്നത് ആശങ്ക ഉണർത്തുന്ന കാര്യം തന്നെയാണ്. കൊതുകുകളുടെ ക്രമത്തിൽ കവിഞ്ഞ വർധനവും ശുദ്ധജല ദൗർഭല്യവുമാണ് മിക്ക പകർച്ചവ്യാധികളുടേയും പ്രധാന കാരണം. വ്യക്തി ശുചിത്വം പാലിക്കുന്നതിനോടൊപ്പം തന്നെ പരിസര ശുചിത്വവും പാലിക്കുന്നതിലൂടെയും കൊതുകുകളുടെയും മറ്റു രോഗകാരികളായ ജീവികളുടെയും പരിസര മലിനീകരണത്തിന് എതിരെ നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. നാം ഓരോരുത്തരും വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കുന്നതിനോടൊപ്പം തന്നെപൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും മലിനമാക്കാതെ കാത്ത് സൂക്ഷിക്കുകയും വേണം.

നന്ദി

- അരുണിമ

# പ്രസംഗം

നമസ്കാരം ഞാൻ ധനുഷ്.

ഞാൻ ഇന്നിവിടെ പറയാൻ പോകുന്നത് റോബോട്ടിക്സിനെ പറ്റിയാണ്. ഇന്ന് നമ്മൾ വിവിധ മേഖലകളിൽ യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു യന്ത്രങ്ങൾ ഇല്ലാത്ത ഒരു ജീവിതം മനുഷ്യൻ ഇപ്പോൾ ചിന്തിക്കാൻ പറ്റാത്തതാണ്.



പണ്ട് കാലത്ത് നമ്മുടെ അമ്മയും അമ്മുമ്മയും എല്ലാം അരി പൊടിച്ചിരുന്നത് 'ഉരുളിയിലാണ്'. അങ്ങനെ അരി അരയ്ക്കുന്നത് കഷ്ടപ്പാടായതുകൊണ്ട് അവർ അതിനുള്ള യന്ത്രങ്ങൾ കണ്ടുപിടിച്ചു. അതിൽ നിന്ന് ഒരാളുടെ മേൽനോട്ടം ഇല്ലാതെ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ കണ്ടുപിടിച്ചു. ഇങ്ങനെ 'robotics' മേഖല അനുദിനം വളർന്നു കൊണ്ടിരിക്കുന്നു. ഇന്ന് നമ്മൾ നിർമിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ കണ്ടുപിടിച്ചു കൊണ്ടിരിക്കുന്നു.റോബോട്ടുകൾ അല്ലെങ്കിൽ യന്ത്രങ്ങൾ നമ്മുടെ ജീവിതത്തിലെ മിക്ക ആവിശ്യങ്ങളും നിറവേറ്റി തരാൻ കഴിവുള്ളവയാണ്. പക്ഷെ അതിനു നമ്മൾ അതിനെ ആവിശ്യമുള്ള രീതിയിൽ 'program' ചെയ്യണം.ROBO DK, REALTIME ROBOTICS,RUVU,EAGLE ROBOTICS എന്നിവ റോബോട്ടുകളെ program ചെയ്യാൻ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ആണ്. റോബോട്ടുകൾ നമ്മുടെ ജോലികൾ കൃത്യതയോട് കൂടിയും, വേഗത്തിലും ചെയ്തു തരുന്നു.പണ്ടുകാലത്ത് മനുഷ്യ നിർമിതമായിരുന്ന വസ്തുക്കൾ ഇപ്പോൾ റോബോട്ടുകളെ ഉപയോഗിച്ച് ചെയ്യുന്നു. റോബോട്ടുകളിലേക്ക് മാറുന്നത് വഴി സമയലാഭവും, കൃത്യതയും നമ്മുക്ക് ഉറപ്പിക്കാൻ കഴിയുന്നു. കാർ ഫാക്റ്ററികൾ, യന്ത്ര നിർമാണ ശാലകൾ, എന്നിവ ഇതിന്ന് ഉത്തമ ഉദാഹരണം ആണ്. കാർഷിക രംഗത്തും, വ്യാവസായിക രംഗത്തും, പഠന രംഗത്തും എല്ലാം റോബോട്ടുകൾ ഉപയോഗപ്രതമാണ്.

- ധനുഷ്

# വിഷു



വിഷു

വിഷുവിനെ  സംബന്ധിച്ചുള്ള ഒരു ഐതിഹ്യമാണിത്.അഹങ്കാരിയും അത്യന്തം ശക്തനുമായ നരകാസുരന്റെ ഉപദ്രവം സഹിക്കവയ്യാതെ ശ്രീകൃഷ്ണൻ, ഗരുഡനും, സത്യഭാമയും ഒത്ത് ഗരുഡാരൂഢനായി പ്രാഗ് ജ്യോതിഷത്തിലേക്ക് പ്രവേശിച്ചു.നരകാസുരന്റെ നഗരമാണ് പ്രാഗ് ജ്യോതിഷം അവിടെ ചെന്ന് നഗരത്തിന്റെ ഉപരിതലത്തിൽ കൂടി ചുറ്റിപ്പറന്ന് നഗരസംവിധാനങ്ങൾ എല്ലാം നേരിൽകണ്ട് മനസ്സിലാക്കി.അതിനുശേഷം യുദ്ധം ആരംഭിച്ചു.

ശ്രീകൃഷ്ണനും സത്യഭാമയും ഗരുഡനും അസുരന്മാരോട് യുദ്ധം ചെയ്തു.മുരൻ, താമ്രൻ, അന്തരീക്ഷൻ, ശ്രവണൻ, വസു വിഭാസു, നഭ സ്വാൻ, ആദിയായ  അസുര ശ്രേഷ്ഠന്മാരെയെല്ലാം അവർ നിഗ്രഹിച്ചു.ഒടുവിൽ നരകാസുരൻ തന്നെ  പടകളത്തിലേക്ക് പുറപ്പെട്ടു. തുടർന്ന് നടന്ന അത്യുഗ്രമായ യുദ്ധത്തിൽ നരകാസുരൻ വധിക്കപ്പെട്ടു.ഈ വധം നടക്കുന്നത് വസന്ത കാലാരംഭത്തോടെയാണ് . ഈ ദിനമാണ് വിഷുവെന്ന് അറിയപ്പെടുന്നത്....

- ആതിര

# ജാവഹാർലാൽ നെഹ്റു



ജവഹർലാലൽ
നെഹ്റു

(1889 നവംബർ 14-മെയ് 27 1964)
ആധുനിക ഇന്ത്യയുടെ ശില്പി എന്ന വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി. ഇന്ത്യൻ സ്വാതന്ത്ര്യസമര നേതാവ്, രാഷ്ട്രിയ തത്ത്വചിന്തകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളില്ലൊം വ്യക്തിമുദ്ര പതിപ്പിച്ച നെഹ്രു രാജ്യാന്തരതലത്തിൽ ചേരിചേരനയം അവതരിപ്പിച്ചും ശ്രദ്ധനേടിയിരുന്ന മഹാത്മാഗാന്ധി ആശിസ്സുകളോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളിയായി മാറിയ ഇദ്ദേഹം ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയ 1947 മുതൽ 1964 ൽ മരിക്കുന്നതു വരെ ഇന്തയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു. സോഷ്യലിസത്തിലൂന്നിയ നെഹ്രുവിന്റെ രാഷ്ട്രിയദർശനങ്ങളാണ് നാലുപതിറ്റാണ്ടോളം ഇന്ത്യയെ നയിച്ചത്.
ഗാന്ധി  തന്റെ രാഷ്ട്രിയ പിൻഗാമിയായി നെഹ്രുവിനെ കണ്ടുതുടങ്ങിയ 1941 ലേ തന്നെ നേതൃത്വത്തിന്റെ വിഷയത്തിൽ തിരുമാനമായിരുന്നു. പ്രധാനമന്ത്രി എന്ന നിലയിൽ ഭാവി ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി തിർക്കാനുള്ള ഒരു പദ്ധതി നെഹ്രു ആവിഷ്കരിച്ചു. സമൂഹിക, സാമ്പത്തിക,  രാഷ്ട്രീയ രംഗത്ത് നവീകരണ പദ്ധതികൾ നെഹ്രു നടപ്പിലാക്കുകയുണ്ടായി.

- സഞ്ജിത്ത്

# വൈക്കം മുഹമ്മദ് ബഷീർ



വൈക്കം മുഹമ്മദ് ബഷീർ

ജനനം: 1908 ജനവരി 21

മരണം: 1994 ജൂലൈ 5

മലയാളത്തിന്റെ മഹാകഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ലളിതസുന്ദരമായ വാക്കുകളിലൂടെ വായനക്കാരെ ആകർഷിച്ച അദ്ദേഹത്തെ 'ബേപ്പൂർ സുൽത്താനെ'ന്ന വിളിച്ചു. മലയാള സാഹിത്യത്തിൽ തനതായ ഒരു ശൈലി വെട്ടിതെളിയിച്ച വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തിനടുത്ത് കായി-അബ്ദുറഹ്മാൻ - കുഞ്ഞാച്ചുമ്മ ദമ്പതികളുടെ മകനായി തലയോലപ്പറമ്പിൽ ജനിച്ചു.
വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. ഉപ്പു സത്യഗ്രഹത്തിൽ ഭാഗമായതിനെ തുടർന്ന് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലാക്കി.
ജയിലിൽനിന്ന പുറത്തുവന്ന അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസവും മർദ്ദനവും വീണ്ടും ഏറ്റുവാങ്ങി.
സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഒരു തീവ്രവാദ സംഘടന രൂപീകരിച്ച ബഷീർ 'ഉജ്ജീവനം' എന്ന വാരികയും നടത്തി. 1942 ൽ സർ സി.പിയുടെ പൊലീസ് അദ്ദേഹത്തെ തുറങ്കിലടച്ചു. വിപ്ലവാശയങ്ങളുമായി വർഷങ്ങളോളം ഇന്ത്യയുടെ മിക്കഭാഗങ്ങളിലും അറബിരാജ്യങ്ങളിലും ആഫ്രിക്കൻതീരപ്രദേശങ്ങളിലും ബഷീർ ചുറ്റിസഞ്ചരിച്ചു; ജീവിക്കാനായി പല തൊഴിലുകളിലും ഏർപ്പെട്ടു. ഹൈന്ദവസന്ന്യാസിമാരുടേയും സൂഫിവര്യന്മാരുടെയും കൂടെ കുറേക്കാലം കഴിച്ചുകൂട്ടി. ധാരാളം അനുഭവസമ്പത്തോടെ കേരളത്തിൽ മടങ്ങിയെത്തി സാഹിത്യരചനയിൽ ഏർപ്പെട്ടു.

1942 ൽ ജയിലിൽ കിടന്ന് അദ്ദേഹം 'പ്രേമലേഖനം' എഴുതി. 1944 ലാണ് ബഷീറിന്റെ ഏറെ പ്രസിദ്ധമായ 'ബാല്യകാലസഖി' പുറത്തിങ്ങിയത്. ഇത് ആദ്യം എഴുതിയത് ഇംഗ്ലീഷിലായിരുന്നു. ജയിൽമോചിതനായ ബഷീർ പോയത് എറണാകുളത്തേക്കാണ്. അവിടെ സർക്കിൾ ബുക്ക് ഹൗസ് എന്ന പുസ്തകശാല തുടങ്ങി. പിന്നീട് ഇതിന്റെ പേര് ബഷീർ ബുക്ക് ഹൗസ് എന്നായി. ഒട്ടേറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയ ബഷീറിന്റെ 'ശബ്ദങ്ങൾ' 1947 ൽ പ്രസിദ്ധീകരിച്ചു. എതിർപ്പുകൾ അദ്ദേഹത്തെ കൂടുതൽ ശക്തനാക്കി. 1954 നുശേഷം അഞ്ചു വർഷം ബഷീർ ചില ആരോഗ്യപ്രശ്നങ്ങൾ മൂലം എഴുത്തിൽനിന്ന വിട്ടുനിന്നു. 1959 ൽ ബഷീർ തന്റെ വീടിന്റെ പശ്ചാത്തലത്തിൽ 'പാത്തുമ്മയുടെ ആട്' എഴുതി. 1962 ൽ ബഷീർ തന്റെ തട്ടകം കോഴിക്കോട്ടേക്ക് മാറ്റി. ഇതോടെ അദ്ദേഹം 'ബേപ്പൂർ സുൽത്താൻ' എന്നറിയപ്പെടാൻ തുടങ്ങി. 'മതിലുകൾ' പുറത്തുവരുന്നത് 1965 ലാണ്. അപ്പോഴേക്കും ബഷീർ സിനിമ രംഗത്തും തന്റെ സാന്നിധ്യം അറിയിച്ചിരുന്നു. ബഷീറിന്റെ

കഥയായ നീലവെളിച്ചം, ഭാർഗ്ഗവീനിലയം എന്ന സുപ്രസിദ്ധ സിനിമയായി പുറത്തുവന്നു. 1994 ജൂലൈ നാലിന് ബഷീർ അന്തരിച്ചു.

വിവിധ ശാഖകളിലായി മുപ്പതോളം ഗ്രന്ഥങ്ങളുടെ കർത്താവാണ് ബഷീർ. ഇദ്ദേഹത്തിന്റെ പ്രധാനകൃതികൾ നിരവധി വിദേശഭാഷകളിലേക്കും വിവിധ ഇന്ത്യൻ ഭാഷകളിലേക്കും തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരളസാഹിത്യ അക്കാദമി ഫെലോഷിപ്പ്, പത്മശ്രീ (1982), ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം, സ്വാതന്ത്ര്യസമരഭടനുള്ള താമ്രപത്രം, കോഴിക്കോട് സർവ്വകലാശാലയുടെ ഡി ലിറ്റ് (1987), പ്രേംനസീർ പുരസ്കാരം (1993) തുടങ്ങി നിരവധി പുരസ്കാരങ്ങൾ ബഷീറിനു ലഭിച്ചിട്ടുണ്ട്. തലയോലപ്പറമ്പിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തി വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ നിലകൊള്ളുന്നു. താടിക്കു കൈയും കൊടുത്ത് ചിന്തിച്ചിരിക്കുന്ന ബഷീർ ചിത്രവുമായി 2009 ജനുവരി 21 ന് ഭാരതീയ തപാൽ വകുപ്പ് സ്റ്റാമ്പ് പുറത്തിറക്കി.

പ്രധാന കൃതികൾ

- ചിരിക്കുന്ന മരപ്പാവ
- ധർമ്മരാജ്യം
- വിശപ്പ്
- അനർഘനിമിഷം
- ബാല്യകാലസഖി
- ഭൂമിയുടെ അവകാശികൾ
- പാവപ്പെട്ടവരുടെ വേശ്യ
- നീലവെളിച്ചം
- പ്രേമലേഖനം
- വിശ്വവിഖ്യാതമായ മൂക്ക്
- മതിലുകൾ
- സ്ഥലത്തെ പ്രധാന ദിവ്യൻ
- പാത്തുമ്മയുടെ ആട്

- മുച്ചീട്ടു കളിക്കാരന്റെ മകൾ
- ജീവിതനിഴൽപ്പാടുകൾ
- ശിങ്കിടിമുങ്കൻ
- ആനപ്പൂട
- ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്
- ആനവാരിയും പൊൻകുരിശും
- പൂവൻപഴം
- ഭാർഗവീനിലയം

കഥാപാത്രങ്ങളും കൃതികളും

- വട്ടനടിമ - ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്
- സുഹ്റ - ബാല്യകാലസഖി
- നാരായണി - മതിലുകൾ

- സോന


# പൊൻമുട്ട ഇടുന്ന താറാവ്




ഒരിടത്ത് ഒരിടത്ത് പാവപ്പെട്ട ഒരു കൃഷിക്കാരനും ഭംഗിയുള്ള ഒരു താറാവ് ഉണ്ടായിരുന്നു. എല്ലാ ദിവസവും ആ കൃഷിക്കാരൻ കൂട്ടിൽ പോയി നോക്കുമ്പോൾ താറാവ് ഒരു തിളങ്ങുന്ന സ്വർണ മുട്ട ഇട്ടിട്ടുണ്ടായിരിക്കും. അയാൾ അത് ചന്തയിൽ കൊണ്ടുപോയി വിളിക്കുകയും അങ്ങനെ ധനികനാവുകയും ചെയ്തു. പക്ഷേ ഇത് അധികനാൾ നീണ്ടു നിന്നില്ല എല്ലാ ദിവസവും ഒരു മുട്ട മാത്രം ലഭിക്കുന്ന തോർത്ത് അയാൾ നിരാശനായി പെട്ടെന്ന് ധനികനാകാൻ അയാൾ ആഗ്രഹിച്ചു. ഒരു ദിവസം പണം ഒക്കെ എണ്ണി തിട്ടപ്പെടുത്തി വെച്ച് കഴിഞ്ഞപ്പോൾ അയാൾക്ക് ഒരാശയം ഉദിച്ചു. ഞാന ആ താറാവിനെ കൊന്ന് അതിനുള്ള എല്ലാ മുട്ടകളും പുറത്തെടുക്കും. അപ്പോൾ എനിക്ക് പെട്ടെന്ന് ധനികനാവാൻ അത്യാഗ്രഹിയായ ആ മനുഷ്യൻ ആ താറാവിനെ കൊന്ന് അതിന്റെ വയറു തുറന്നു നോക്കി പക്ഷേ അയാൾക്ക് ഒരു മുട്ട പോലും കിട്ടിയില്ല താറാവ് ചത്തുപോവുകയും ചെയ്തു.

- ഉമർ

# വൃത്തം



വട്ടത്തിലങ്ങനെ നിന്നിടേണം
വട്ടത്തിൻ മേന്മകളറിഞ്ഞീടണം
ഞാണൊന്നു വരച്ചാലോ വട്ടമത്
ചാപവും മറുചാപോം ആകുമല്ലോ
ചാപമുണ്ടാക്കുമാ
കോണുകളിൻ ബന്ധവും തെറ്റാതറിക വേണം
മറുചാപ കോണിന്നിരട്ടിയാണ് കേന്ദ്ര കോണെന്നതറിക വേണം
വട്ടത്തിലങ്ങനെ നിന്നിടേണം
താളത്തിലാതിര പാടിടേണം
ചാപത്തിലെ കോണും
മറുചാപകോണു
അനു പൂരകമെന്നറിക വേണം
തെറ്റുകൂടാതെ പഠിക്കവേണം
പഠിച്ചവ മറക്കാതിരിക്കവേണം
ചക്രീയ ചതുർഭുജമാണെങ്കിലോ
മൂലകൾ നാലും വൃത്തത്തിലാകവേണം

എതിർ കോണുകളോ അനുപൂരകമായിടണം
വട്ടത്തിലങ്ങനെ നിന്നിടേണം
വൃത്തത്തിൻ കാര്യം ചൊല്ലി പഠിച്ചിടേണം

ചാപങ്ങൾ രണ്ടത് കൂട്ടിമുട്ടിയാൽ
കിട്ടുമളവുകൾ തൻ ബന്ധമറിക വേണം

തുല്യപരപ്പുള്ള വൈവിധ്യ ചതുരങ്ങൾ വരയ്ക്കും തത്ത്വമതറിക വേണം

ഞാണുകളൊന്നതിൽ വ്യാസവും മറ്റേത് ലംബവുമായാലോ
ചതുര പരപ്പിൻ തുല്യ സമചതുരം

വട്ടത്തിലങ്ങനെ നിന്നിടേണം വൃത്തത്തിലങ്ങനെ നിന്നിടേണം
വൃത്തത്തിൻ കാര്യം പഠിച്ചിടേണം

വരയൊന്നു വൃത്തത്തിൻ തൊടുവരയാകണമെങ്കിലും നിയമമതറികവേണം

ആരവും തൊടുവരേം
ലംബമാകണമെന്നൊരു തത്ത്വമറിഞ്ഞിടേണം

അസംഖ്യമനേകം തൊടുവര വരക്കാമൊരു വൃത്തത്തിനെങ്കിലും
ബാഹ്യബിന്ദു അതിൽ നിന്നു രണ്ടെണ്ണവും

അവയോ തുല്യ നീളമുള്ളവയുമാകുമല്ലോ

ചൊല്ലി പഠിച്ചീടാം
കൂട്ടുകാരെ
പാടി പഠിച്ചീടാം കൂട്ടുകാരെ
ആതിരതാളത്തിൽ മേളത്തിലങ്ങനെ ആടി പഠിച്ചിടാം ഒന്നൊന്നായി

- നന്ദന മനോജ്

# യാത്രാവിവരണം

ഞാൻ എന്റെ കഴിഞ്ഞ അവധിക്കാലത്ത് കന്യാകുമാരിയിൽ പോയി. എന്റെ പപ്പയും അമ്മയും സഹോദരനും കൂടെയുണ്ടായിരുന്നു. ഞങ്ങൾ വൈകിട്ട് പുറപ്പെട്ട് പിറ്റേദിവസം രാത്രിയിൽ പപ്പയുടെ കൂട്ടുകാരന്റെ വീട്ടിൽ എത്തി. അവിടെയാണ് അന്ന് താമസിച്ചത്. അടുത്ത ദിവസം രാവിലെ ഞങ്ങൾ എല്ലാവരും കൂടി സൂര്യോദയം കാണാൻ കന്യാകുമാരി ബീച്ചിൽ പോയി സൂര്യൻ ഉണർന്ന കടലിൽ നിന്നും പൊങ്ങി വന്നതായി ഞങ്ങൾ കണ്ടു.കുറേനേരം അവിടെ ചിലവഴിച്ചതിനുശേഷം അന്ന് ഉച്ചയ്ക്ക് തന്നെ ഞങ്ങൾ വിവേകാനന്ദ പാറ കാണാൻ പോയി. ബോട്ടിലൂടെ ആയിരുന്നു ഞങ്ങളുടെ വിവേകാനന്ദപ്പാറ കാണാനുള്ള യാത്ര. വിവേകാനന്ദ ടെമ്പിളിൽ കയറി. എല്ലാം കണ്ടതിനുശേഷം ഞങ്ങൾ ബോട്ടിലൂടെ തന്നെ തിരിച്ചുവന്നു.അന്ന് വൈകിട്ട് തന്നെ ഞങ്ങൾ സൂര്യാസ്തമയം കണ്ടു. ചുവന്നു തുടുത്ത സൂര്യൻ കടലിലേക്ക് ഇറങ്ങിപ്പോകുന്നത് ഞങ്ങൾ ശ്രദ്ധയോടെ നോക്കി നിന്നു . പിറ്റേദിവസം രാവിലെ ഞങ്ങൾ 3D തിയേറ്ററിൽ പോയി. 3D സിനിമ കുറച്ച് കണ്ടപ്പോഴത്തേക്കും ഞങ്ങൾ പേടിച്ചു കരഞ്ഞു. അതിനുശേഷം ഞങ്ങൾ 3D മ്യൂസിയത്തിലും മെഴുക് പ്രതിമ കാണാനും പോയി. മ്യൂസിയത്തിലെ പ്രതിമകളുടെ കൂടെ നിന്ന് ചിത്രങ്ങൾ പകർത്തി. എന്നിട്ട് അന്ന് രാത്രി ട്രെയിനിൽ കയറി ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു വന്നു.



മ്യൂസിയം

- ജോഷ്ന ജേക്കബ്

# NUMBER PATTERN

## PATTERNS ARE BEAUTIFUL

$$0\times9+1=1$$
$$1\times9+2=11$$
$$12\times9+3=111$$
$$123\times9+4=1111$$
$$1234\times9+5=11111$$
$$12345\times9+6=111111$$
$$123456\times9+7=1111111$$
$$1234567\times9+8=11111111$$

Patterns are Beautiful

$$69^2 + 260^2 = 269^2$$
$$609^2 + 20600^2 = 20609^2$$
$$6009^2 + 2006000^2 = 2006009^2$$
$$60009^2 + 200060000^2 = 200060009^2$$
$$600009^2 + 20000600000^2 = 20000600009^2$$

Patterns are Beautiful

$$12345679 \times 9 = 111111111$$
$$12345679 \times 18 = 222222222$$
$$12345679 \times 27 = 333333333$$
$$12345679 \times 36 = 444444444$$
$$12345679 \times 45 = 555555555$$
$$12345679 \times 54 = 666666666$$
$$12345679 \times 63 = 777777777$$
$$12345679 \times 72 = 888888888$$
$$12345679 \times 81 = 999999999$$

- ജിയ ജോസ്

# എന്റെ സ്കൂൾ




എന്റെ സ്കൂൾ

ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രശസ്തമായ സ്കൂളുകളിൽ ഒന്നാണ് ഞാൻ പഠിക്കുന്ന ഗവ. എസ്.വി.എച്ച്. എസ്. എസ് തണ്ടാനുവിള.എന്റെ സ്കൂൾ കെട്ടിടം വളരെ മനോഹരവും വിശാലവും ആണ്. എൻെറ സ്കൂളിലെ അധ്യാപകർ എല്ലാവരോടും വളരെ ദയയും കരുതലും സ്നേഹവും ഉള്ളവരാണ് .എൻെറ സ്കൂളിൽ ഒരു വലിയ കളിസ്ഥലം ഉണ്ട്. അവിടെ ഞാൻ വിവിധതരം കായിക വിനോദങ്ങളിൽ ഏർപ്പെടുന്നു .എൻ്റെ സ്കൂളിൽ വിശേഷപ്പെട്ട ദിനങ്ങൾ ഞങ്ങൾ ഗംഭീരമായി ആഘോഷിക്കുന്നു . സ്കൂളിലെ ലൈബ്രറിയാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് അവിടെ ധാരാളം സാഹിത്യവും വിജ്ഞാനപ്രദവുമായ പുസ്തകങ്ങൾ ഉണ്ട് . കൂടാതെ എൻ്റെ സ്കൂൾമുറ്റത്ത് ഒരു വലിയ പൂന്തോട്ടം ഉണ്ട്. പലതരം പൂക്കളും പൂമ്പാറ്റകളും ആ പൂന്തോട്ടത്തിന്റെ ഭംഗി കൂട്ടുന്നു. സ്കൂളിലെ വലിയ രണ്ട് തണൽ മരങ്ങൾ ഉച്ചവെയിലിന്റെ ചൂടിൽ നിന്നും ഞങ്ങൾക്ക് സംരക്ഷണം തരുന്നു. എൻെറ സ്കൂളിൽ എനിക്ക് ധാരാളം ചങ്ങാതിമാരുണ്ട് . എൻെറ സ്കൂളിൽ കമ്പ്യൂട്ടർ പഠിക്കാനായി ഒരു കമ്പ്യൂട്ടർ ലാബും ശാസ്ത്ര ജ്ഞാനം നൽകാനായി ഒരു സയൻസ് ലാബും ഉണ്ട്. എനിക്ക് സ്കൂളിൽ നിന്നും വളരെ പോഷകപ്രദമായ ഉച്ചഭക്ഷണം ലഭിക്കുന്നു. എൻെറ സ്കൂളിൽ നിന്നും ഞാൻ ദിവസവും പുതിയ പാഠങ്ങൾ പഠിക്കുന്നു. അതിനാൽ എനിക്ക് എൻെറ സ്കൂളിൽ പോകാൻ ഒരുപാട് ഇഷ്ടമാണ്.

- ആരോൺ

# ചിത്രങ്ങൾ
























അവീൻ



സൂരജ്



# നന്ദി...